“ഭരണഭാഷ-മാതൃഭാഷ”

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണവകുപ്പ്
(ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ആന്റ് എഞ്ചിനീയറിംഗ് വിംഗ്)
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം.GEN-E4/2018/സിഇ/തസ്വഭവ

തീയതി: 05.10.2020

## സർക്കുലർ

വിഷയം:- തസ്വഭവ-പെൻഡിംഗ് ഫയലുകളിൻമേൽ റിപ്പോർട്ട് ആവശ്യപ്പെടുന്നത്- അദാലത്ത് സംഘടിപ്പിക്കുന്നതു സംബന്ധിച്ച്.

സൂചന:- 16.09.2020 തീയതിയിലെ ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ നടന്ന ഓൺലൈൻ അവലോകനയോഗം

തദ്ദേശസ്വയംഭരണ വകുപ്പ്(എഞ്ചിനീയറിംഗ് വിഭാഗം)-ൻ കീഴിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കെതിരായ പരാതികൾ, അച്ചടക്കനടപടികൾ, പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട പരാതികൾ, വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ, ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), ചീഫ് ടെക്നിക്കൽ എക്സാമിനർ അന്വേഷണങ്ങളും തുടർനടപടികളും എന്നിവയിൻമേൽ സർക്കാർതലത്തിലും ഈ കാര്യാലയത്തിലും നടപടികൾ തുടരുന്ന ഫയലുകളിൽ ബന്ധപ്പെട്ട കാര്യാലയങ്ങളിൽ നിന്നും സമയബന്ധിത റിപ്പോർട്ടുകൾ ലഭിക്കാതിരിക്കുന്നതു കാരണം നടപടിക്രമങ്ങൾ അനാവശ്യമായി നീണ്ടുപോകുന്ന സാഹചര്യം നിലനിൽക്കുകയാണ്. പ്രസ്തുത സാഹചര്യം വിഷയങ്ങളിൽ തീർപ്പുകൽപ്പിക്കുന്നതിന് കാലതാമസമുണ്ടാക്കുകയും തദ്വാരാ നിരപരാധികളായ ഉദ്യോഗസ്ഥർക്ക് നീതി ലഭിക്കുന്നതിനും അവരുടെ പ്രൊബേഷൻ/പ്രൊമോഷൻ/ഹയർ ഗ്രേഡ്/റിട്ടർമെന്റ് ബെനിഫിറ്റ്സ് തുടങ്ങിയ കാര്യങ്ങൾക്ക് തടസ്സം സൃഷ്ടിക്കുകയും ചെയ്തിരിക്കുകയാണ്. ആയതിനാൽ ഈ കാര്യാലയത്തിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള പെൻഡിംഗ് ഫയലുകളുടെ ലിസ്റ്റ് പരിശോധിച്ച് ആവശ്യപ്പെട്ടിരുന്ന റിപ്പോർട്ടുകൾ സമയബന്ധിതമായി തയ്യാറാക്കി നൽകുന്നതിന് ഈ മാസം 23-ാം തീയതി വരെ സമയം അനുവദിക്കുന്നു. അതിനുശേഷം ഓരോ ജില്ലയ്ക്കും ഓരോ തീയതികൾ നിശ്ചയിച്ച് ‘ഫയൽ അദാലത്ത്’ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടി തീയതികൾ വൈകാതെതന്നെ ഇ-മെയിൽ മുഖേന അറിയിക്കുന്നുതാണ്.

ടി വിഷയം സംബന്ധിച്ച്, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രത്യേക പരിഗണന നൽകി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ചീഫ് എഞ്ചിനീയർ (I/C)

പകർപ്പ്:-

(എല്ലാ നിയന്ത്രണാധികാരികൾക്കും)

DI/752-2020